ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉവ്വ്. വ്യവസായഡിപ്പാർട്ടുമെന്റിന്റെ കീഴിലെ ബാക്കിയുള്ള സകല ഡിപ്പാർട്ടുമെന്റുകളുടേയും സംയോജനം പൂർത്തിയായി.

(ബി) സർവ്വീസ് സംയോജനംകൂടി പൂർത്തിയായല്ലാതെ സംഖ്യ നിജപ്പെടുത്തുവാൻ സാദ്ധ്യമല്ല.

## ഹോമിയോ ഗ്രാന്റുകൾ

*൨൨൫൬. (നൂർ) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഡിസ്പെൻസറികൾക്ക് ഗ്രാന്റുകൾ നൽകി സഹായിക്കാൻ ഹോമിയോപ്പതി ഡാക്ടർമാരിൽനിന്നും അപേക്ഷകൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകർ ആരെല്ലാം;

(സി) ഇവരിൽ ആർക്കെങ്കിലും ഗ്രാന്റ് നൽകിവരുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ യഥാക്രമം എത്ര ഉറപ്പിക്കുന്നു?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) (൧) ശ്രീ. പി. ടി. കുരിയൻ, ദി എച്ച്. എ. ഡിസ്പെൻസറി, ചേലക്കര, (൨) ശ്രീ. പി. എം. നായർ, സിക്രട്ടറി, ആൾ തിരുവിതാംകൂർ ഗാന്ധി സേവാസംഘം, ചമ്പക്കുളം, (൩) ശ്രീ. എസ്സ്. കെ. പടിയാർ, പ്രിൻസിപ്പാൾ, ദി റോയൽ കോളേജ് ഓഫ് ഹോമിയോപ്പതിക് ഫിസിഷ്യൻസ്, എറണാകുളം, (൪) ശ്രീ. ഡബ്ലിയു. സി. അബ്രഹാം, ഡയറക്ടർ, സെൻറ് ജോസഫ്സ് പൂവർ ഡിസ്പെൻസറി, എറണാകുളം.

(സി) ഇവരിൽ ൧-ം, ൪-ം നമ്പർകാർക്ക് ഗ്രാന്റ് ഉടൻ നൽകുവാൻ അനുവദിച്ചിട്ടുണ്ട്.

(ഡി) ഓരോ സ്ഥാപനത്തിനും കൊല്ലത്തിൽ ൨൦൦ രൂ. വീതം.

## ജഡ്ജിമാർ

*൨൨൫൭. (൧൨) ശ്രീ. കളത്തിൽ വേലായുധൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഐക്യസംസ്ഥാനത്തു് ഹൈക്കോടതി ജഡ്ജിമാരായിരുന്ന ശ്രീ. ഹബീബു് മഹമ്മദ്, ശ്രീ. ഗോവിന്ദമേനോൻ എന്നിവർ ഇപ്പോൾ സർവ്വീസിലുണ്ടോ;

(ബി) ഇല്ലെങ്കിൽ അവർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) & (ബി) രണ്ടുപേർക്കും പെൻഷനു പ്രാരംഭമായ അവധി അനുവദിച്ചിട്ടുണ്ട്. അവരുടെ പെൻഷൻ അപേക്ഷകൾ ഗവൺമെണ്ടിലേക്ക് ലഭിച്ചിട്ടില്ല.

## തിരുവിതാംകൂർ റയൺസ് കമ്പനി

*൨൨൫൯ (൧൩) ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ റയൺസ് കമ്പനിക്ക് ഗവൺമെണ്ടിൽനിന്നും എത്ര രൂപയുടെ ലോൺ കൊടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly